(ബി) റിസർവോയറുകൾ നല്ലനിലയിൽ പ്രവർത്തിപ്പിക്കുന്നതിന് അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നത് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) റിസർവോയറുകളിലെ കുമിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മഴ ധാരാളം ലഭിക്കുമ്പോൾ ജലസേചന റിസർവോയറുകളിലെ ജലനിരപ്പിൽ സാരമായ വർദ്ധന ഉണ്ടാകാറുണ്ട്.

(ബി) ഉണ്ട്.

(സി) റിസർവോയറുകളിലെ ജലം വേനൽക്കാലത്ത് താഴ്ന്നിറങ്ങുമ്പോൾ മണ്ണുമാറ്റുന്ന ജോലി ലേലംചെയ്തു കൊടുത്തുവരുന്നു.

കോഴിക്കോട് പുളക്കടവിലെ പമ്പിംഗ് സ്റ്റേഷൻ

41 [3294] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുളക്കടവിലെ പമ്പിംഗ് സ്റ്റേഷനിലെ പമ്പിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്കുവേണ്ടി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) പമ്പിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി വിപുലീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടങ്കൽത്തുക രണ്ടര ലക്ഷം രൂപയാണ്.

(ബി) ദീർഘകാലാടിസ്ഥാനത്തിലുള്ള മെച്ചപ്പെടുത്തലിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly